## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :667 29.11. 2018 ൽ മറുപടിക്ക്

# വൈദ്യുതി ചാർജ്ജ്സംബന്ധിച്ച് കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീ.പി.ടി.തോമസ്<br>" വി.ടി.ബൽറാം | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ)കേരളത്തിലെ വൈദ്യുതി ഉപഭോക്താവിൽ നിന്നും വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഈടാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകാറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;<br>(ബി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ പാലിച്ചാണോ കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ട്; | (എ) & (ബി) കേരളത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ താരീഫ് വർദ്ധനവിനെ സംബന്ധിച്ച്, യാതൊരുവിധ നിർദ്ദേശങ്ങളും കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ല. എന്നാൽ വൈദ്യുതി താരീഫ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ താരീഫ് നയം അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ താരീഫ് നയം മാനദണ്ഡമാക്കി വേണം വൈദ്യുതി താരീഫുകൾ നിർണ്ണയിക്കേണ്ടതെന്ന് ഇലക്ട്രിസിറ്റി ആക്ട് 2003 വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് താരീഫ് നിർണ്ണയിക്കുന്നതിനുള്ള ചുമതല സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| (സി)ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ കേരളത്തിലെ ചെലവ് എത്ര പൈസയാണ്; ഈയിനത്തിൽ ദേശീയ ശരാശരി എത്ര പൈസയാണ്;വിശദമാക്കുമോ? | (സി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുതിനു 6.32 രൂപ ചെലവായിട്ടുണ്ട്.<br>ലഭ്യമായ കണക്കുകൾ പ്രകാരം 2015-16-ലെ ദേശീയ ശരാശരി 543 പൈസയാണ്,.തുടർന്നുള്ള വർഷങ്ങളിലെ കണക്ക് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ